Australian Government

COVID-19 VACCINATION

# COVID-19-ന്റെ ദീർഘകാല ഫലങ്ങൾ

COVID-19 ബാധിക്കുന്ന മിക്ക ആളുകൾക്കും ചെറിയ സമയത്തേക്ക് രോഗലക്ഷണങ്ങൾ പ്രകടമാകും, തുടർന്ന് ഏതാനും ആഴ്ചകൾക്കുള്ളിൽ സുഖം പ്രാപിക്കും. COVID-19-ൽ നിന്ന് സുഖം പ്രാപിക്കാൻ എടുക്കുന്ന സമയം ഓരോ വ്യക്തിയിലും വ്യത്യസ്തമാണ്. COVID-19 കാരണം നിങ്ങൾ എത്രമാത്രം രോഗിയായിരുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഇത്. നിങ്ങൾക്ക് നിലവിൽ മറ്റേതെങ്കിലും ആരോഗ്യ അവസ്ഥകളുണ്ടോ എന്നതിനെയും ആശ്രയിച്ചായിരിക്കും ഇത്.

COVID-19-ന് ശേഷം ദീർഘകാല ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്ന ചിലരുണ്ട്. ചിലപ്പോൾ ഒരു വ്യക്തിക്ക് തുടക്കത്തിലുള്ള രോഗബാധയ്ക്ക് ശേഷം മാസങ്ങളോളം COVID-19 കാരണമുള്ള അസ്വസ്ഥത അനുഭവപ്പെടുന്നു. ഇതിനെ 'ലോംഗ് കോവിഡ്' എന്ന് വിളിക്കുന്നു. ഒരു വ്യക്തി വൈറസ് മുക്തമായ ശേഷവും ലോംഗ് COVID നിരവധി ആഴ്ചകളും മാസങ്ങളും നിലനിൽക്കും.

നേരിയ COVID-19 അണുബാധയുണ്ടാവുകയും ആശുപത്രിയിൽ പോകേണ്ട ആവശ്യം വരാത്തതുമായ ആളുകൾക്കു പോലും ലോംഗ് കോവിഡ് ഉണ്ടാകാവുന്നതാണ്.

## ലോംഗ് കോവിഡിന്റെ ലക്ഷണങ്ങൾ

ആളുകൾക്ക് ആദ്യം രോഗം ബാധിച്ചതിന് ശേഷം തുടരാവുന്ന പൊതുവായ സൂചനകളും രോഗലക്ഷണങ്ങളും ഇവയാണ്:

- ക്ഷീണം
- ശ്വസിക്കാൻ ബുദ്ധിമുട്ട്
- തുടർച്ചയായ ചുമ
- നെഞ്ച് വേദന
- സന്ധി വേദന
- വ്യായാമം ചെയ്യാൻ വേണ്ടത്ര ഊർജ്ജം ഇല്ല
- പനി
- തലവേദന
- ഓർമ്മ പ്രശ്നങ്ങൾ, വ്യക്തമായി ചിന്തിക്കാൻ ബുദ്ധിമുട്ട് ('ബ്രെയിൻ ഫോഗ്')
- വിഷാദം അല്ലെങ്കിൽ ഉത്കണ്ഠ.

COVID-19 കാരണമുള്ള പല ദീർഘകാല പാർശ്വഫലങ്ങളും ഇപ്പോഴും അറിവായിട്ടില്ല. അത് കൊണ്ടാണ് COVID-19 വൈറസ് ബാധിക്കുന്നതിൽ നിന്ന്

സ്വയം പരിരക്ഷിക്കാൻ നിങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യേണ്ടത് പ്രധാനമാകുന്നത്.

COVID-19-ന്റെ അപകടസാധ്യതകൾ കുറയ്ക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ് വാക്സിനേഷൻ.

നിരവധി ആളുകൾക്ക് COVID-19-ന് എതിരെയുള്ള വാക്സിനേഷൻ സ്വീകരിക്കുമ്പോൾ, അത് സമൂഹത്തിൽ വൈറസ് പടരാനുള്ള സാധ്യത കുറയ്ക്കുന്നു. വളരെ കുറച്ച് ആളുകളെ മാത്രം COVID-19 ബാധിക്കുന്നതിലേക്ക് ഇത് നയിക്കുന്നു, അത് ലോംഗ് കോവിഡ് അനുഭവിക്കുന്ന ആളുകളുടെ എണ്ണം കുറയ്ക്കുന്നു.

## കൂടുതൽ വിവരങ്ങൾക്ക്

നിങ്ങൾക്ക് എന്തെങ്കിലും ചോദ്യങ്ങളുണ്ടെങ്കിൽ, ഡോക്ടറുമായി സംസാരിക്കുകയോ, health.gov.au/covid19-vaccines-languages എന്നത് കാണുകയോ, അല്ലെങ്കിൽ 1800 020 080 എന്ന നമ്പറിൽ ദേശീയ കൊറോണ വൈറസ് ഹെൽപ്പ് ലൈനിൽ വിളിക്കുകയോ ചെയ്യുക. ദ്വിഭാഷി സേവനങ്ങൾക്ക്, 131 450 എന്ന നമ്പരിൽ വിളിക്കുക.